"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൽപ്പറ്റ മുൻസിപ്പൽ പ്രദേശത്തെ പുൽപ്പാറ, പെരുന്തട്ട, വെള്ളാരംകുന്ന് എന്നീ പ്രദേശങ്ങളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.205/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:- 1.കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ 26/09/2023 തീയതി നടന്ന സാധാരണ യോഗത്തിലെ 25/25/23 നമ്പർ തീരുമാനം.

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04/01/2024 -ൽ നടന്ന യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 4.27 തീരുമാനം.

**<u>ഉത്തരവ്</u>**

കൽപ്പറ്റ മുൻസിപ്പൽ പ്രദേശത്തെ പുൽപ്പാറ, പെരുന്തട്ട, വെള്ളാരംകുന്ന് എന്നീ പ്രദേശങ്ങളിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം വീതം നൽകുന്നതിന് എസ്റ്റേറ്റ് ഉടമകൾ എൻ.ഒ.സി നൽകിയിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ പരാമർശം (1) പ്രകാരം കൽപ്പറ്റ മുനിസിപ്പാലിറ്റി ഭരണസമിതി തീരുമാനം കൈക്കൊള്ളുകയുണ്ടായി.

2) സർക്കാർ ഈ വിഷയം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം (2) തീരുമാന പ്രകാരം കൽപ്പറ്റ മുനിസിപ്പൽ പ്രദേശത്തെ പുൽപ്പാറ, പെരുന്തട്ട, വെള്ളാരംകുന്ന് എന്നീ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടം പൊളിച്ച് നീക്കരുതെന്നും എല്ലാകാലത്തും പൊതുജനങ്ങളുടെ ഉപയോഗത്തിനായി ലഭ്യമാക്കുമെന്നും അങ്കണവാടിയുടെ പ്രവർത്തനത്തിനും മറ്റും യാതൊരുവിധ തടസ്സവും ഉണ്ടാകരുതെന്നും എസ്റ്റേറ്റ് ഉടമകളുമായി കരാറിലേർപ്പെടണമെന്നുമുള്ള നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, കൽപ്പറ്റ മുൻസിപ്പാലിറ്റി, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

കരുതൽ ഫയൽ(DB3/16/2024-lsgd)

ഉത്തരവിൻ പ്രകാരം

Signed by

Reenamma P A

Date: 24-01-2024 15:31:29

സെക്ഷൻ ഓഫീസർ